**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 171 — 26.09.2016 ൽ മറുപടിക്ക്

## ഫറോക്ക് താലൂക്ക് ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് മുൻസിപ്പാലിറ്റിയിലുള്ള താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ ഉണ്ട്; ഇതിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഫറോക്ക് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. പ്രസ്തുത തസ്തികകളിൽ ഒരു തസ്തികയും നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല. |
| (ബി) | ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടും രോഗികളെ അഡ്മിറ്റ് ചെയ്യാൻ ഡോക്ടർമാർ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | 2016 ജനുവരി 1 മുതൽ ആഗസ്റ്റ് 31 വരെ ഈ ആശുപത്രിയിൽ എത്ര രോഗികളെ അഡ്മിറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 2016 ആഗസ്റ്റ് മാസം 1-ാം തീയതിയാണ് ഫറോക്ക് താലൂക്ക് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിച്ചത്. 2016 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ 19 രോഗികളെ കിടത്തി ചികിത്സിച്ചിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ 24 ബെഡ് സ്ട്രെങ്ങ്ത് ആണുള്ളത്. 2015 മെയ് 11 ന് പുതിയ ഐ.പി കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും ആവശ്യത്തിന് പാരാ മെഡിക്കൽ ജീവനക്കാർ ഇല്ലാത്തതിനാൽ കിടത്തി ചികിത്സ സാധ്യമായില്ല. |
| (ഡി) | സ്ഥാപനത്തിൽ കിടത്തി ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ഒ.പി. സമയത്തിനുശേഷവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ഡി) | ഒ.പി.സമയത്തിനു ശേഷവും ഡോക്ടർമാരുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്. നിലവിൽ പാലിച്ചുപോരുന്ന സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) നം.4577/94/എച്ച്&എഫ് ഡബ്ല്യൂ ഡി തീയതി 14.12.1994 പ്രകാരം ഏഴോ അതിൽ കൂടുതലോ ഡോക്ടർമാർ ഉള്ളപ്പോൾ ടേൺ ഡ്യൂട്ടി (സ്റ്റേ ഡ്യൂട്ടി)യും അതിൽ കുറവുള്ളപ്പോൾ കോൾ ഡ്യൂട്ടിയും ആയതിനാൽ ഈ ഡ്യൂട്ടി നില 2016 ആഗസ്റ്റ് 1 മുതൽ പ്രസ്തുത ആശുപത്രിയിൽ പാലിച്ചുപോരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| കാറ്റഗറി | അനുവദിച്ച തസ്തിക | നിലവിലുള്ള തസ്തിക | ഒഴിവ് |
|---|---|---|---|
| ജൂനിയർ കൺസൽട്ടന്റ് ഇ.എൻ.ടി | 1 | 1 | ഇല്ല |
| ജൂനിയർ കൺസൽട്ടന്റ് പീഡിയാട്രിക്സ് | 1 | 1 | ഇല്ല |
| ജൂനിയർ കൺസൽട്ടന്റ് ഗൈനക്കോളജി | 1 | 1 | ഇല്ല |
| ജൂനിയർ കൺസൽട്ടന്റ് ഓർത്തോ | 1 | 1 | ഇല്ല |
| ജൂനിയർ കൺസൽട്ടന്റ് ഓഫ്ത്താൽമോളജി | 1 | 1 | ഇല്ല |
| അസിസ്റ്റന്റ് സർജൻ | 4 | 4 | ഇല്ല |
| ഹെഡ് നഴ്സ് | 1 | 1 | ഇല്ല |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 2 | 2 | ഇല്ല |
| സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 | 2 | 2 | ഇല്ല |
| ഫാർമസിസ്റ്റ് | 1 | 1 | ഇല്ല |
| നഴ്സിങ്ങ് അസിസ്റ്റന്റ് | 2 | 2 | ഇല്ല |
| ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2 | 1 | 1 | ഇല്ല |

(signature)

സെക്ഷൻ ഓഫീസർ